8690
22/9/20

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി -മലപ്പുറം ജില്ലയിലെ കരിപ്പൂർ വിമാനാപകടത്തിൽ മരണപ്പെട്ട 21 പേരുടെ ആശ്രിതർക്ക് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2904/2020/റവ.** തീയതി,തിരുവനന്തപുരം, 18/09/2020

---

പരാമർശം:- 1 14/8/2020 ലെ സ.ഉ (സാധാ) 669/2020/ഡി.എം.ഡി ഉത്തരവ്

2 17/8/2020 ലെ സ.ഉ (സാധാ) 2642/2020/റവ തീയതി ഉത്തരവ്

3 ലാൻഡ് റവന്യൂ കമ്മീഷണറുടെ 15/9/2020തീയതിയിലെ എൽ ആർ (എച്ച് )1 22758/2020(2) നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കരിപ്പൂർ വിമാന അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് പത്ത് ലക്ഷം രൂപ അനുവദിച്ച് പരാമർശം (1),(2) പ്രകാരം ഉത്തരവായിരുന്നു. മലപ്പുറം 6, കോഴിക്കോട് 10,പാലക്കാട് 2 , വയനാട് 1 , ഇതരസംസ്ഥാനത്തുള്ളവർ - 2 ഉൾ പ്പെടെ 2 1 പേർ മരണമടഞ്ഞതായി പരാമർശം(3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

2. ഇക്കാര്യം സർക്കാർ പരിശോധിച്ചു.പരാമർശം (1),(2) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മലപ്പുറം ജില്ലയിലെ കരിപ്പൂർ വിമാനാപകടത്തിൽ മരണപ്പെട്ട 21 പേരുടെ ആശ്രിതർക്ക് ഒരാൾക്ക് പത്തു ലക്ഷം രൂപാ നിരക്കിൽ ആകെ 2,10,00,000/- രൂപാ (രണ്ടു കോടി പത്തു ലക്ഷം രൂപാ മാത്രം) മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി തുകയിൽ നിന്ന് , മലപ്പുറം ജില്ലയിൽനിന്ന് മരണപ്പെട്ട 6 പേരുടെ ആശ്രിതർക്കും ഇതരസംസ്ഥാനത്തുനിന്നുള്ള 2 പേർക്കും ചേർത്ത് 8 0 ലക്ഷം രൂപ മലപ്പുറം ജില്ലാ കളക്ടർക്കും കോഴിക്കോട് ജില്ലയിൽനിന്ന് മരണപ്പെട്ട 10 പേരുടെ ആശ്രിതർക്ക് ഒരു കോടി രൂപ കോഴിക്കോട് ജില്ലാ കളക്ടർക്കും പാലക്കാട് ജില്ലയിൽനിന്ന് മരണപ്പെട്ട 2 പേരുടെ ആശ്രിതർക്ക് ഇരുപത് ലക്ഷം രൂപ പാലക്കാട് ജില്ലാ കളക്ടർക്കും വയനാട് ജില്ലയിൽനിന്ന് മരണപ്പെട്ട ഒരാളുടെ ആശ്രിതർക്ക് പത്ത് ലക്ഷം രൂപ വയനാട് ജില്ലാ കളക്ടർക്കും അനുവദിക്കുന്നു

4.വിതരണത്തിനാവശ്യമായ 2,10,00,000/- രൂപാ (രണ്ടു കോടി പത്തു ലക്ഷം രൂപാ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ്

സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും മലപ്പുറം/ കോഴിക്കോട്/ പാലക്കാട് /വയനാട് ജില്ലാ കളക്ടർമാർക്ക അനുവദിക്കുന്നതാണ്. ടി തുക ജില്ലാ കളക്ടർമാർ മരണപ്പെട്ടവരുടെ ആശ്രിതർക്ക് കൈമാറി എന്ന വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാര്.റ്റി.കെ.
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, മലപ്പുറം/ കോഴിക്കോട്/ പാലക്കാട് /വയനാട്

കമ്മീഷണർ ലാൻഡ് റവന്യൂ തിരുവനന്തപുരം

ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

റവന്യൂവകുപ്പമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

റവന്യൂ (ഡിആർഎഫ്ബി,സി) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ